# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28.10.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. കാലാവസ്ഥാ വ്യതിയാനം നേരിടാൻ അടിയന്തരമായി ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

**President Draupadi Murmu says that urgent and strong measures are needed to combat climate change.**

2. മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ തമിഴ്നാട്ടിൽ.

**Vice President C.P. Radhakrishnan is in Tamil Nadu for a three-day visit.**

3. മുംബൈയിൽ മാരിടൈം ലീഡേഴ്സ് കോൺക്ലേവിനെ പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ അഭിസംബോധന ചെയ്യും.

**Prime Minister Narendra Modi will address the Maritime Leaders Conclave in Mumbai tomorrow.**

4. മൊൻതാ ചുഴലിക്കാറ്റ് ഇന്ന് രാത്രി ആന്ധ്രാതീരം തൊടുമെന്ന് മുന്നറിയിപ്പ്. എല്ലാ പിന്തുണയും വാഗ്ദാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോദി. കേരളത്തിൽ 7 ജില്ലകളിൽ മഞ്ഞ ജാഗ്രത.

**Cyclone Monta is expected to hit the Andhra Pradesh coast tonight. Prime Minister Narendra Modi has promised all support. Yellow alert in 7 districts of Kerala.**

5. 67 -ാമത് സംസ്ഥാന സ്കൂൾ കായിക മേളക്ക് ഇന്ന് സമാപനം. സ്വർണക്കപ്പ് തിരുവനന്തപുരത്തിന്. ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ മുഖ്യാതിഥിയാവും.

**The 67th State School Sports Festival concludes today. Gold Cup goes to Thiruvananthapuram. Governor Rajendra Vishwanath Arlekar will be the chief guest at the function.**

6. അണ്ടർ 23 ലോക ഗുസ്തി ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ സുജിത് കൽകലിന് സ്വർണം.

**India's Sujit Kalkal wins gold at the Under-23 World Wrestling Championships.**

&&&&&&&&&&&&&&&&&

**HEADLINE-1**

**PRESIDENT ISA**

*കാലാവസ്ഥാ വ്യതിയാനം നേരിടാൻ അടിയന്തരമായി ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. എട്ടാമത് അന്താരാഷ്ട്ര സോളാർ അലയൻസ് അസംബ്ലിയിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു രാഷ്ട്രപതി.*

*(ഹോൾഡ് - വോയിസ്)*

*ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടന്ന പരിപാടിയിൽ കേന്ദ്ര മന്ത്രി പ്രൽഹാദ് ജോഷി പങ്കെടുത്തു. അന്താരാഷ്ട്ര സഹകരണം കൂടുതൽ ആഴത്തിലാക്കാനും എല്ലാവർക്കും താങ്ങാനാവുന്ന വിലയിൽ സൗരോർജ്ജം എന്ന ലക്ഷ്യത്തിലേക്കുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുവാനും 124 രാജ്യങ്ങൾ പങ്കെടുക്കുന്ന സമ്മേളനം ഊന്നൽ നൽകും.*

&&&&&&&&&&&&&&&&&

**VP-VISIT CONCLUDED**

സീഷെൽസിൽ സന്ദർശനം പൂർത്തിയാക്കി ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഇന്ത്യയിൽ തിരിച്ചെത്തി. സീഷെൽസിന്റെ പുതിയ പ്രസിഡൻറ് പാട്രിക് ഹെർമിനിയുടെ സത്യപ്രതിജ്ഞാ ചടങ്ങിനോട് അനുബന്ധിച്ചായിരുന്നു സന്ദർശനം. ഇന്ത്യയും സീഷെൽസും തമ്മിലുള്ള ഉഭയകക്ഷി പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ടുള്ള ചർച്ചകളിലും ഉപരാഷ്ട്രപതി പങ്കെടുത്തു. സീഷെൽസിലെ ഇന്ത്യൻ പ്രവാസികൾ ഉപരാഷ്ട്രപതിയ്ക്ക് സ്വീകരണം നൽകി. ഇരു രാജ്യങ്ങളും തമ്മിലുള്ള സാംസ്കാരികവും സാമൂഹികവുമായ ബന്ധം ആഴത്തിലാക്കുന്നതിൽ സീഷെൽസിലെ ഇന്ത്യൻ പൗരന്മാർ നൽകിയ സംഭാവനകളെ ശ്രീ രാധാകൃഷ്ണൻ പ്രശംസിച്ചു. സന്ദർശന വേളയിൽ, മൗറീഷ്യസ് പ്രധാനമന്ത്രി നവീൻചന്ദ്ര റാംഗുലവുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി.

&&&&&&&&&&&&&&&&&

## HEADLINE-2

## VP – TN

ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണന്റെ തമിഴ്നാട് സന്ദർശനം ആരംഭിച്ചു. വ്യാഴാഴ്ച വരെ അദ്ദേഹം സംസ്ഥാനത്തുണ്ടാകും. കോയമ്പത്തൂർ, തിരുപ്പൂർ, മധുര, രാമനാഥപുരം എന്നിവിടങ്ങളിലെ വിവിധ പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും. കോയമ്പത്തൂരിലെത്തിയ ഉപരാഷ്ട്രപതി ടൗൺ ഹാൾ കോർപ്പറേഷൻ കെട്ടിടത്തിലെ മഹാത്മാഗാന്ധി പ്രതിമയിൽ ആദരം അർപ്പിക്കും. വൈകുന്നേരം തിരുപ്പൂരിലെത്തുന്ന അദ്ദേഹം തിരുപ്പൂർ കുമാരനും മഹാത്മാഗാന്ധിക്കും പുഷ്പാർച്ചന അർപ്പിക്കും. നാളെ തിരുപ്പൂരിൽ നടക്കുന്ന അനുമോദന ചടങ്ങിലും ഉപരാഷ്ട്രപതി പങ്കെടുക്കും.

&&&&&&&&&&&&&&&&&

## HEADLINE-3

## PM– MUMBAI VISIT

മുംബൈയിൽ നടക്കുന്ന മാരിടൈം ലീഡേഴ്സ് കോൺക്ലേവിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ അഭിസംബോധന ചെയ്യും. ഷിപ്പിംഗ്, തുറമുഖങ്ങൾ, കപ്പൽ നിർമ്മാണം, ക്രൂയിസ് ടൂറിസം, സമുദ്ര സമ്പദ്‌വ്യവസ്ഥ

എന്നിവയിലെ പ്രമുഖ പങ്കാളികളെ ഒന്നിച്ചു കൊണ്ടുവരുന്നതിനാണ് സമ്മേളനം സംഘടിപ്പിച്ചിരിക്കുന്നത്. പരിപാടിയിൽ 85 ലധികം രാജ്യങ്ങളിൽ നിന്നുള്ള ഒരു ലക്ഷത്തിലധികം പ്രതിനിധികൾ പങ്കെടുക്കും. ഇന്ത്യ മാരിടൈം വീക്ക് 2025 ലെ ഗ്ലോബൽ മാരിടൈം സിഇഒ ഫോറത്തിലും അദ്ദേഹം അധ്യക്ഷത വഹിക്കും.

&&&&&&&&&&&&&&&&&&

## PM-VBYLD

വികസിത് ഭാരത് ക്വിസ് മത്സരത്തിൽ പങ്കെടുക്കാൻ രാജ്യത്തെ യുവജനങ്ങളോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. രാഷ്ട്രനിർമ്മാണത്തിന് സംഭാവന നൽകാനുള്ള മികച്ച അവസരമാണ് വികസിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗ് 2.0 എന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. ഈ മാസം 31 വരെ ക്വിസ് മത്സരത്തിൽ പങ്കെടുക്കാം.

&&&&&&&&&&&&&&&&&&

## PM - CHATH

ചാറ് പൂജയിൽ ഭാഗഭാക്കായ എല്ലാവർക്കും പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസകൾ അറിയിച്ചു. സുര്യഭഗവാനെ ആരാധിച്ചുകൊണ്ട് നാല് ദിവസത്തെ ആഘോഷങ്ങൾക്ക് ഇന്ന് സമാപനം ആയി.

&&&&&&&&&&&&&&&&&&

## VAISHNAV -ELECTRONICS

രാജ്യത്ത് നിന്നുള്ള സ്മാർട്ട് ഫോൺ കയറ്റുമതി വലിയതോതിൽ ഉയർന്നതായി കേന്ദ്ര ഇലക്ട്രോണിക്സ് ഇൻഫർമേഷൻ വകുപ്പ് മന്ത്രി അശ്വിനി വൈഷ്ണവ്. കഴിഞ്ഞമാസം 1.8 ബില്യൺ യു എസ് ഡോളറിന്റെ സ്മാർട്ട് ഫോണുകളാണ് കയറ്റുമതി ചെയ്തത്. രാജ്യത്ത് നിന്നുള്ള കയറ്റുമതിയിൽ മൂന്നാം സ്ഥാനമാണ് ഇപ്പോൾ ഇലക്ട്രോണിക്സ് ഉപകരണങ്ങൾക്ക് ഉള്ളതെന്ന് ഒരു ദേശീയ ദിനപത്രത്തിൽ വന്ന വാർത്ത സാമൂഹ്യ മാധ്യമത്തിൽ പങ്കുവെച്ചുകൊണ്ട് ശ്രീ അശ്വിനി വൈഷ്ണവ് കുറിച്ചു. ഇലക്ട്രോണിക്സ് ഘടകങ്ങൾ നിർമ്മിക്കുന്നതിലും രാജ്യം

വേരുറപ്പിക്കുകയാണ്. ആയിരക്കണക്കിന് തൊഴിലവസരങ്ങളും ഇങ്ങനെ സൃഷ്ടിക്കപ്പെടുമെന്ന് കേന്ദ്രമന്ത്രി ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&&

**EC -SIR**

കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 12 ഇടങ്ങളിൽ രണ്ടാം ഘട്ട തീവ്ര വോട്ടർ പട്ടിക പരിഷ്കരണം നടപ്പാക്കുമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ഇതുമായി ബന്ധപ്പെട്ട നടപടികൾ ഇന്ന് ആരംഭിച്ച് 2026 ഫെബ്രുവരി ഏഴിന് അവസാനിക്കും. ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, ലക്ഷദ്വീപ്, ഛത്തീസ്ഗഡ്, ഗോവ, ഗുജറാത്ത്, കേരളം, മധ്യപ്രദേശ്, പുതുച്ചേരി, രാജസ്ഥാൻ, തമിഴ്നാട്, ഉത്തർപ്രദേശ്, പശ്ചിമ ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമാണ് തീവ്ര വോട്ടർ പട്ടിക പരിഷ്കരണം രണ്ടാം ഘട്ടത്തിൽ നടപ്പിലാക്കുന്നത്. വിവര ശേഖരണം നവംബർ 4 മുതൽ ഡിസംബർ 4 വരെ നടക്കും. ഡിസംബർ 9 ന് കരട് പട്ടികയും ഫെബ്രുവരി 7 ന് അന്തിമ വോട്ടർ പട്ടികയും പ്രസിദ്ധീകരിക്കും.

&&&&&&&&&&&&&&&&&&

**SIR-STATE**

തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് കേരളത്തിൽ ഇന്ന് പ്രത്യേക യോഗങ്ങൾ നടക്കും. ജില്ലാ കളക്ടർമാരുടെ യോഗവും ഇലക്ട്രൽ രജിസ്ട്രേഷൻ ഓഫീസർമാരുടെ വീഡിയോ കോൺഫറൻസും ഇന്ന് നടക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു. അതേസമയം അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ യോഗം നാളെ 11 മണിക്ക് നടക്കും. ഉച്ചയ്ക്ക് ശേഷം മാധ്യമപ്രവർത്തകരുടെ യോഗവും വിളിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

## HEADLINE-4

## CYCLONE MONTHA

ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട മൊൻതാ ചുഴലിക്കാറ്റ് ശക്തി പ്രാപിച്ചതിനെ തുടർന്ന് ആന്ധ്രാപ്രദേശ് തീരത്ത് കനത്ത മഴയും ശക്തമായ കാറ്റും. ചുഴലിക്കാറ്റ് ഇന്ന് രാത്രി കാക്കിനടയ്ക്ക് സമീപം മച്ചിലിപട്ടണത്തിനും കലിംഗപട്ടണത്തിനും ഇടയിൽ കര തൊടുമെന്നാണ് മുന്നറിയിപ്പ്. മൊൻതാ ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ റായലസീമ, തമിഴ്നാട്, പുതുച്ചേരി, കാരക്കൽ, തെലങ്കാന എന്നിവിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഒഡീഷ, ഛത്തീസ്ഗഡ്, ആന്ധ്രാപ്രദേശിന്റെ തീരപ്രദേശങ്ങൾ എന്നിവിടങ്ങളിൽ ചുവപ്പ് ജാഗ്രത നൽകി. തീരദേശ കർണാടക, കിഴക്കൻ രാജസ്ഥാൻ, പശ്ചിമ ബംഗാളിന്റെ ഗംഗ സമതല മേഖല, ഗുജറാത്ത്, ജാർഖണ്ഡ്, കേരളം, മാഹി, കൊങ്കൺ, ഗോവ, മധ്യ മഹാരാഷ്ട്ര, വിദർഭ എന്നിവിടങ്ങളിലും കനത്ത മഴയ്ക്ക് സാധ്യത. നിരവധി ട്രെയിൻ, വിമാന സർവീസുകൾ തടസ്സപ്പെടുകയും റദ്ദാക്കുകയും ചെയ്തു. ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി എൻ. ചന്ദ്രബാബു നായിഡു സ്ഥിതിഗതികൾ വിലയിരുത്തി. ആന്ധ്ര മുഖ്യമന്ത്രിയുമായി ആശയവിനിമയം നടത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി കേന്ദ്ര പിന്തുണ വാഗ്ദാനം ചെയ്തു. ഏകദേശം 364 സ്കൂളുകളിലാണ് ദുരിതാശ്വാസ ക്യാമ്പുകൾ സജ്ജമാക്കിയിരിക്കുന്നത്. ഇന്നും നാളെയും മത്സ്യബന്ധനത്തിനും വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## KERALA RAIN

കേരളത്തിൽ മഴ തുടരുന്നു. തിരുവനന്തപുരം മുതൽ ഇടുക്കി വരെയുള്ള ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മൂന്നാർ ഗ്യാപ് റോഡിലൂടെയുള്ള രാത്രി യാത്രയും അടിമാലി - കൂമ്പൻപാറ ഭാഗത്തെ എൻ.എച്ച് 85 ലൂടെയുള്ള യാത്രയും നിരോധിച്ചിരിക്കുകയാണ്. കേരളം- തമിഴ്നാട്- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും കർണാടക തീരത്ത് വെള്ളിയാഴ്ച വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## HEADLINE-5

## SCHOOL SPORTS MEET

67 ആമത് സംസ്ഥാന സ്കൂൾ കായിക മേള ഇന്ന് സമാപിക്കും. വൈകുന്നേരം 4 മണിക്ക് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടക്കുന്ന സമാപന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ മുഖ്യാതിഥിയാവും. മുഖ്യമന്ത്രിയുടെ പേരിലുള്ള സ്വർണ്ണക്കപ്പ് കിരീടം ഉറപ്പിച്ച തിരുവനന്തപുരത്തിന് സമ്മാനിക്കും.

&&&&&&&&&&&&&&&&&&

## *NIVEDYA ( INTRO )*

*സംസ്ഥാന സ്കൂൾ ഒളിമ്പിക്സിൽ മൂന്ന് സ്വർണ്ണം നേടി മിന്നും പ്രകടനം കാഴ്ച വച്ച് വി എം എച്ച് എസ് എസ് വടവൂരിലെ പ്ലസ് വൺ വിദ്യാർത്ഥിനി നിവേദ്യ കലാകാധർ. കഴിഞ്ഞ നാല് വർഷമായി നിവേദ്യ സ്കൂൾ കായികമേളയുടെ ഭാഗമാണ്. പരിശീലകൻ അജയകുമാറിന്റെ ഉൾപ്പടെ പിന്തുണ കൊണ്ടാണ് ഈ നേട്ടം സ്വന്തമാക്കിയതെന്ന് നിവേദ്യ ആകാശവാണി വാർത്തകളോട് പറഞ്ഞു.*

*( വോയിസ്..... )*

&&&&&&&&&&&&&&&&&&

## HEADLINE-6

## WRESTLING

സെർബിയയിൽ നടക്കുന്ന അണ്ടർ 23 ലോക ഗുസ്തി ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ സുജിത് കൽകൽ സ്വർണം നേടി. 65 കിലോ വിഭാഗത്തിൽ ഉസ്ബക്കിസ്ഥാന്റെ ഉമിദ് ജോൺ ജലലോവിനെയാണ് പരാജയപ്പെടുത്തിയത്. നേരത്തെ ഇന്ത്യൻ വനിതാ താരങ്ങൾ 5 വെങ്കലവും 2 വെള്ളിയും നേടിയിരുന്നു.

&&&&&&&&&&&&&&&&&&

## EAM- MEET

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആൻറണി അൽബനീസുമായും ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ

ലക്സണുമായും കൂടിക്കാഴ്ച നടത്തി. ഇന്ത്യ-ന്യൂസിലൻഡ് ഉഭയകക്ഷി സഹകരണം ശക്തമാക്കുന്നതിനും സ്വതന്ത്രവും വിശാലവുമായ ഇന്തോ-പസഫിക് മേഖലയുടെ വികസനത്തിനുമുള്ള പ്രധാനമന്ത്രി ലക്സണിന്റെ പ്രതിബദ്ധതയെ വിദേശകാര്യ മന്ത്രി സ്വാഗതം ചെയ്തു. ആസിയാൻ ഉച്ചകോടിയുടെ ഭാഗമായി, ജാപ്പനീസ് പ്രധാനമന്ത്രി, മലേഷ്യ, ബ്രസീൽ, ബ്രൂണൈ എന്നിവിടങ്ങളിൽ നിന്നുള്ള മന്ത്രിമാർ എന്നിവരുമായും ശ്രീ ജയ്ശങ്കർ ചർച്ച നടത്തി.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&